19 (*254) സമുദ്രോൽപ്പന്ന കയറ്റുമതിരംഗം നേരിടുന്ന പ്രതിസന്ധി

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ്ജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമുദ്രോൽപ്പന്ന കയറ്റുമതിരംഗം വളരെയേറെ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം ഈ മേഖലയിൽ നിന്നും എന്ത് തുക യുടെ വരുമാനം സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(ഡി) സമുദ്രോൽപ്പന്നങ്ങൾ കയറ്റുമതി നടത്തുന്ന സ്ഥാപനങ്ങൾ മത്സ്യത്തൊഴിലാളിക്ഷേമനിധിയിലേക്ക് അടയ്ക്കുവാനുള്ള വിഹിതം നിശ്ചയി ച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അത് എത്ര ശതമാനമാണെന്നും മൊത്തം എന്ത് തുക ക്ഷേമനിധി ബോർഡിന് ലഭിക്കാനുണ്ടെന്നും വിശദമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഇല്ല.

(ബി) സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതി കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സംസ്കരണശാലകൾ സ്ഥാപിക്കുക. ആധുനികവൽക്കരിക്കുക, സാങ്കേതികമായി മെച്ചപ്പെടുത്തുക എന്നിവയ്ക്കായി കേന്ദ്രഭക്ഷ്യസംസ്ക്കരണ മന്ത്രാലയം കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കി വരുന്നു.

2. മത്സ്യോൽപ്പന്ന സംസ്ക്കരണ കയറ്റുമതി സംരംഭകരെ ബോധ വൽക്കരിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റിയുടെ മേൽനോട്ടത്തിൽ സെമിനാറുകളും വർക്ക്ഷാപ്പുകളും നടത്തിവരുന്നു.

3. മത്സ്യോൽപ്പന്നങ്ങളുടെ സംസ്ക്കരണം, കയറ്റുമതി എന്നിവയുമായി ബന്ധപ്പെട്ട വിവിധ സംരംഭങ്ങൾക്ക് സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റിവഴി ധനസഹായം ലഭ്യമാക്കി വരുന്നു.

4. കയറ്റുമതി പ്രാധാന്യമുള്ള മത്സ്യഇനങ്ങൾ കൃഷിചെയ്യുന്ന മത്സ്യ കർഷകർക്ക് ആരോഗ്യമുള്ള (രോഗവിമുക്തമായ) മത്സ്യകുഞ്ഞുങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനെപ്പറ്റിയും, ഫാം മാനേജ്മെന്റ് ടെക്നിക്കുകളെ സംബ ന്ധിച്ച് വിദ്യാഭ്യാസവും, പരിശീലനവും നൽകിവരുന്നു.

5. മത്സ്യസംസ്ക്കരണശാലകളിലെ സൗകര്യങ്ങൾ, യൂറോപ്യൻ യൂണി യൻ നിർദ്ദേശിച്ചിട്ടുള്ള ഗുണമേന്മ വ്യവസ്ഥകൾ പാലിക്കപ്പെടുന്നവിധം മെച്ച പ്പെടുത്തുന്നതിന് സാമ്പത്തികവും, സാങ്കേതികവുമായ സഹായങ്ങൾ നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. മത്സ്യോൽപ്പന്നങ്ങളുടെ കയറ്റുമതി സാദ്ധ്യതകൾ കാലാകാലം കയറ്റുമതിക്ക് ലഭ്യമാക്കുന്നതിനായി അന്തർദേശീയ തലത്തിൽ മാർക്കറ്റ് സർവ്വേകൾ നടത്തി വിവരം ലഭ്യമാക്കിവരുന്നു.

7. പ്രീ പ്രോസസിംഗ് കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുന്നതിനും, പുതിയവ സ്ഥാപിക്കുന്നതിനുമായി നിർമ്മാണ ചെലവിന്റെ 50% (പരമാവധി 15 ലക്ഷം രൂപ) സബ്സിഡിയായി നൽകിവരുന്നു.

8. ഉൽപ്പന്നങ്ങളുടെ ഗുണമേന്മ നിർണ്ണയിക്കുന്നതിനായി ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

(സി) ഈ സാമ്പത്തികവർഷത്തിലെ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള 6 മാസക്കാലം 453.20 കോടി രൂപയുടെ സമുദ്രോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) വാർഷിക വിറ്റുവരവിന്റെ ഒരു ശതമാനം എന്ന തോതനുസരിച്ച് 19.35 കോടി രൂപ മത്സ്യോൽപ്പന്ന കയറ്റുമതിക്കാരിൽനിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിക്കാനുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

20 (* 255) തീരക്കടലിലെ മത്സ്യ ആവാസകേന്ദ്രങ്ങൾ

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> :
<u>ഡോ. എം.എ. കുട്ടപ്പൻ</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ എവിടെയെല്ലാം മത്സ്യ ആവാസ കേന്ദ്രങ്ങൾ നശിച്ചിട്ടുണ്ട്;

(ബി) തീരക്കടലിലെ പാരുകളും ഗർത്തങ്ങളും നശിച്ചതുമൂലം മത്സ്യങ്ങൾക്കു തങ്ങുവാനുള്ള സൗകര്യം നഷ്ടപ്പെട്ട സ്ഥലങ്ങളിൽ കൃത്രിമ പാരുകളും ഗർത്തങ്ങളും സ്ഥാപിക്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ;

(സി) എങ്കിൽ വിശദീകരിക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u>) :

(എ) തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളുടെ തീരക്കടലിൽ മത്സ്യവാസകേന്ദ്രങ്ങൾ നശിച്ചുപോയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ തുമ്പ, വേളി, ശംഖുമുഖം, വലിയതുറ, വിഴിഞ്ഞം, അടിമലത്തുറ, പൂവാർ, പൊഴിയൂർ എന്നിവിടങ്ങളിൽ വിവിധ ഏജൻസികളുടെ പ്രവർത്തനഫലമായി കൃതിമപാരുകൾ സ്ഥാപിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ധർമ്മടം, കോഴിക്കോട് ജില്ലയിലെ മൂടാടി, തിക്കോടി എന്നിവിടങ്ങളിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു.

1093/2010.

LIBRARY ARCHIVES Kerala Legislative Assembly